The D. L. O. shall consider and dispose of the disputes as indicated here. The workmen represented by the petitioner—Union shall furnish their claims regarding wages as per Ext. P1 on or before 18th and if the union files statements within the stiputed period, the D. L. O. shall consider and dispose of the matter within 7 days from the date of receipt of the claim.

ഇതിൻപ്രകാരം ഒരാഴ്ചയ്ക്കകം ലേബർ ഓഫീസർക്ക് ക്ലെയിം കൊടുത്തില്ല. അങ്ങനെ കൊടുക്കാതെ വന്നാൽ,

It is made clear that in case the workmen represented by the petitioner—Union fails to make claim within the stipulated period, the management are free to continue manufacturing process with the willing workers and also to remove the process and other articles without any hindrance from the employees represented by the petitioner—Union.

ഇങ്ങനെ ഒരാഴ്ചയ്ക്കകം കൊടുക്കാത്തതിന്റെ പേരിൽ ആ ക്ലെയിം തള്ളി, അവർ അപ്പീലിന് പോയി. കോടതി ആ അപ്പീലും തള്ളിയിരിക്കുകയാണ്. സമയത്തിന് ചെയ്യേണ്ടതൊന്നും ചെയ്യാതെ, തൊഴിലാളികളുടെ അവകാശത്തെക്കുറിച്ച് ചോദിക്കാതെ, സമരം നടത്തി സർക്കാരിനെ കുറ്റപ്പെടുത്തുവാൻ ശ്രമിക്കുന്നത് നിർഭാഗ്യകരമാണ്. എന്തായാലും സഭ നടപടികൾ നിറുത്തിവച്ച് ഈ അടിയന്തിരപ്രമേയം ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്നു കരുതുന്നില്ല. ഇതിനാവശ്യമായ നടപടികളെല്ലാം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

ശ്രദ്ധ ക്ഷണിക്കൽ

1. വിദ്യുച്ഛക്തി വിതരണ തകരാറുമൂലം ഉപഭോക്താക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. പങ്കജാക്ഷൻ : സർ, തിരുവനന്തപുരം സിറ്റിയിലെ വിദ്യുച്ഛക്തി ഉപഭോക്താക്കളെ പ്രത്യേകിച്ചും, തിരുവനന്തപുരം ജില്ലയിലെ ഗ്രാമപ്രദേശക്കളിലെ ഉപഭോക്താക്കളെ പൊതുവായും ബാധിക്കുന്ന വിദ്യുച്ഛക്തി വിതരണത്തിലെ തകരാറിനെയും സ്തംഭനത്തെയും സംബന്ധിച്ച പ്രശ്നം ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താൻ ശ്രമിക്കുകയാണ്. ഇതിനു മുമ്പും ഇങ്ങനെ വിദ്യുച്ഛക്തി വിതരണത്തിൽ തകരാറും സ്തംഭനവുമൊക്കെ ഉണ്ടായിട്ടുണ്ട്. വീട്ടാവശ്യങ്ങൾക്ക് വേണ്ടത്ര വിദ്യുച്ഛക്തി ലഭിക്കാത്ത അവസ്ഥയും ഉണ്ടായിട്ടുണ്ട്. എന്നാൽ സ്റ്റാബ് സിസ്റ്റം കൂടുതൽ വ്യാപകമാക്കിയതിനുശേഷം വിദ്യുച്ഛക്തിയുടെ വിതരണ തകരാറും സ്തംഭനവും കൂടുതലായി നീണ്ടുനിൽക്കുന്ന അവസ്ഥയാണ് ജനങ്ങൾക്ക് അനുഭവിക്കേണ്ടിവരുന്നത്. ഇതെന്തുകൊണ്ടാണെന്ന് ചോദിച്ചാൽ, വിദ്യുച്ഛക്തി സമയത്തിന് വിതരണം ചെയ്താലുമില്ലെങ്കിലും ഉപഭോക്താക്കൾക്ക് ആവശ്യത്തിന്, ലഭ്യമായാലുമില്ലെങ്കിലും സ്റ്റാബിൽ നിർണ്ണയിക്കുന്ന തുക കർക്കശമായി, കൃത്യമായി ഈടാക്കുന്നുവെന്നുള്ളതുകൊണ്ടാണ്. നിശ്ചിത ദിവസത്തിനുള്ളിൽ നിർണ്ണയിച്ചിട്ടുള്ള കറന്റ് ചാർജ് അവിടെ എത്തിയില്ലെങ്കിൽ അടുത്ത ദിവസം മുതൽ കറന്റ് ലഭ്യമാകില്ല എന്നുള്ള കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണല്ലോ ? സ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡും അതിന്റെ കീഴിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസുകളും വിദ്യുച്ഛക്തി ഉപഭോക്താക്കളോട് ഒരു സാഡിസ്റ്റ് സമീപനമാണ് സ്വീകരിക്കുന്നത്. ഇതുമൂലം വീട്ടാവശ്യത്തിന് വിദ്യുച്ഛക്തി ഉപയോഗിക്കുന്നവർക്ക് വേദനയും ബുദ്ധിമുട്ടും അനുഭവിക്കേണ്ടി വരുന്നു. ഇവരുടെ വേദന കാണുന്നതു തന്നെ വിദ്യുച്ഛക്തി ബോർഡിനും അതിന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻമാർക്കും സന്തോഷമുള്ള കാര്യമാണെന്നു തോന്നുന്നു. ഇങ്ങനെയുള്ള ക്രൂര വിനോദമാണ് അവർക്കുള്ളത്. ഒരു കാറടിച്ചാൽ ഒരു മഴ ചാറിയാൽ, എന്തിന് വിദ്യുച്ഛക്തി ഓഫീസിലുള്ളവരൊന്നു തുമ്മിയാൽ മതി, അന്ന് ജനങ്ങൾക്ക് കറൻറ് കിട്ടുകയില്ല. നമ്മുടെ സർക്കാർ ഓഫീസുകളിലും മറ്റു മേഖലകളിലും പ്രവർത്തിയെടുക്കുന്ന ആളുകൾക്ക് ആഴ്ചയിലൊരു ദിവസമാണ് അവധി കിട്ടുന്നത്. അന്നാണ് കുടിശ്ശിക പണികളൊക്കെ ചെയ്യുന്നത്. അന്ന് വയറുകളുമൊക്കെ അഴിച്ചു പെറുക്കി ഇട്ടാൽ കറൻറ് കാണുകയില്ല. പണ്ട് ഒരു മണിക്കൂർ കൊണ്ട് തകരാറ് ഒഴിവാക്കാൻ കഴിയുമായിരുന്നുവെങ്കിൽ ഇന്ന് ഒരു ദിവസം കൊണ്ടായാലും തകരാറ് മാറുകയില്ല. ഇതിനിടയിൽ അബദ്ധത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോട് വിളിച്ചു ചോദിച്ചു പോയാൽ പിന്നെ വൈരാഗ്യമാണ്. ഒരു ദിവസം കൊണ്ട് തീരാനുള്ള പണി നാലു ദിവസം കൊണ്ടും തീരുകയില്ല. അവർ പറയുന്നത്, ഉണ്ടായിരുന്ന തസ്തികകളും നിറുത്തി, ലൈൻമാനില്ല, മൈനർ സെക്ഷൻ മേജർ സെക്ഷനായപ്പോൾ ഒരു അസിസ്റ്റൻറ് എഞ്ചിനീയർ പോയി എന്നൊക്കെയാണ്. ഇതിന്റെയൊക്കെ വൈരാഗ്യം അവർ കാണിക്കുന്നത്, വിദ്യുച്ഛക്തി ബോർഡ് മന്ത്രിയോടോ, കെ. ഇസ്. ഇ. ബി. യോടോ അല്ല, ഉപഭോക്താക്കളോടാണ്. ഈ നാട്ടിലെ വിദ്യുച്ഛക്തി ഉപഭോക്താക്കളെ വ്യാപകമായി ബാധിക്കുന്ന ഒരു ദുർഗ്ഗതിയാണിത്.

പണ്ട് ഞങ്ങളൊക്കെ പഠിച്ചിരുന്ന കാലത്ത് മണ്ണെണ്ണ വിളക്കു വച്ചാണ് പഠിച്ചിരുന്നത്. എന്നാൽ ഇന്ന് ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഘട്ടത്തിലെ വിജ്ഞാനം ഉൾക്കൊള്ളാൻ വേണ്ടി പാതിരാ വരെ ഇരുന്നു പഠിക്കുന്ന വിദ്യാർത്ഥികൾ മെഴുകുതിരി വെളിച്ചത്തിൽ പഠിക്കണമെന്നു പറഞ്ഞാൽ അവർ നമ്മളെ ശപിച്ചുവെന്നു വരാം. ഒരു മാസത്തിൽ ആവശ്യത്തിനുവേണ്ട വിദ്യുച്ഛക്തിയുടെ പകുതിപോലും കിട്ടാതിരിക്കുന്ന അവസരത്തിൽ വിദ്യുച്ഛക്തി കിട്ടാത്ത ദിവസങ്ങളിൽ അഞ്ചു രൂപയുടെ മെഴുകുതിരി വേണം. അതും കൂടി ഇനി കണ്ടെത്തേണ്ടിയിരിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)

[10. a. m.] സർ, എന്റെ പ്രദേശം, പേട്ട ഒരു മേജർ സെക്ഷനാണ്. അത് പണ്ട് മൈനറായിരുന്നു, മീശ കുരുത്തതുകൊണ്ട് മേജറായതാണോ എന്ന് എനിക്കറിയില്ല. ഒരു മേജർ സെക്ഷനായി കഴിഞ്ഞപ്പോൾ പണ്ട് ഒരു മണിക്കൂറോ രണ്ടു മണിക്കൂറോ കറണ്ട് ലഭ്യമാകാതിരുന്ന ആ സ്ഥലത്ത് ഇപ്പോൾ നാലും അഞ്ചും ദിവസം അന്ധകാരമാണ്. ഇതിന് അവർ പറയുന്ന ന്യായം തസ്തികകളും ഇല്ലാത്തതാണ്. അവിടെ കുറെ തൂണുകളും കെട്ടിവച്ചിട്ടുണ്ട്. അത് വളരെ പഴക്കം ചെന്നതാണെന്ന് പറയുന്നു. അവിടെ വോൾട്ടേജ് ഇല്ലാതെ വരുന്നു. ഞങ്ങളും കൃത്യമായി പണം അടച്ചില്ലെങ്കിൽ പിറ്റെ ദിവസം എന്തായാലും കറണ്ട് കിട്ടുകയില്ല. ഈ ദുർഗ്ഗതി ജനങ്ങൾക്ക് വിപുലമായ തോതിൽ അനുഭവപ്പെടുന്നു. ഇതിന് എന്തു പരിഹാരമാണ് ഉണ്ടാക്കേണ്ടതെന്ന് എനിക്കറിയില്ല. ഇതിനെക്കുറിച്ച് ഒന്ന് അന്വേഷിക്കണം. എന്നിട്ട് പകുതിപോലും കറണ്ട് ലഭിക്കാത്തവർക്ക് അവരുടെ സ്ലാബ് സ്വമേധയാ പുനഃപരിശോധിക്കുമോ ? ഇതിന്റെ പേരിൽ കറണ്ട് ചാർജ്ജിൽ ഒരു കിഴിവ് അനുവദിക്കുവാൻ തയ്യാറാകുമോ ? ഇത്

LIBRARY ARCHIVES Kerala Legislative Assembly

പുനഃപരിശോധിക്കണമെന്നു പറഞ്ഞ് ഒരു അപേക്ഷയുമായി ചെന്നാൽ പിന്നെ അധോഗതിയാണ്. എല്ലാം പരിശോധിച്ച് ക്രമക്കേടുകളില്ല, അതിന് ഒരു തകരാറുമില്ല എന്ന് പറയും. കൊടുക്കേണ്ടവൻ കൊടുത്തേ തീരൂ. ഈ ദുർഗ്ഗതിക്ക് പരിഹാരം കാണാൻ കഴിയുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) ; സർ, സ്ലാബ് സിസ്റ്റത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പൂർണ്ണമായും ശരിയല്ല. കാരണം ഏതു സ്ലാബിലേക്കാണ് ഉപഭോക്താവിന് പോകേണ്ടത് എന്നുവച്ചാൽ ആ സ്ലാബ് അനുവദിക്കുന്ന സമ്പ്രദായം വിദ്യുച്ഛക്തി ബോർഡിലുണ്ട്. അല്ലെങ്കിൽ ഒരു കൊല്ലത്തിലൊരിക്കൽ മാത്രമേ സ്ലാബ് സുപ്രോമോട്ടേ ആയി മാറുന്നുള്ളു. ഏതവസരത്തിലും അപേക്ഷ കൊടുത്ത ഒരു ഉപഭോക്താവിന് തനിക്കാവശ്യമുള്ള സ്ലാബിലേക്ക് വരാനുള്ള അവകാശം ഇന്ന് നിലവിലുണ്ട്. അത് പല ആളുകളും ഉപയോഗിക്കുന്നതുമാണ്. ഉദാഹരണത്തിന്, ഒരു കെട്ടിടം ഒരാൾ വാടകയ്ക്കെടുത്തിരിക്കുന്നു. ആ വാടകക്കാരൻ പോയിക്കഴിഞ്ഞാൽ അത്രയും ആവശ്യമില്ലാത്ത മറ്റൊരാളാണ് അവിടെ താമസിക്കുന്നതെങ്കിൽ അയാൾക്ക് ആ സ്ലാബ് ബാധകമാകാതിരിക്കാൻവേണ്ടി ഏതു സ്ലാബിലാണോ ആവശ്യമുള്ളത് അതിലേക്ക് പോകാൻ അവകാശമുണ്ട്. അതുപോലെതന്നെ സ്ലാബിൽപ്പെടുന്ന ഉപഭോക്താക്കളും സ്ലാബിൽ പണമടച്ചാൽ കുറച്ച് വിദ്യുച്ഛക്തി മാത്രമേ ഉപയോഗിച്ചിട്ടുള്ളുവെങ്കിൽ ആ വിദ്യുച്ഛക്തിക്ക് കുറവ് കാണിച്ച് അഡ്ജസ്റ്റ്മെന്റ് ബില്ല് കൊടുക്കാനുള്ള സമ്പ്രദായവും നിലവിലുണ്ട്. അപ്പോഴും ഉപയോഗിക്കാത്ത വൈദ്യുതിക്ക് ചാർജ് ഈടാക്കുന്നു എന്നു പറയുന്നത് ശരിയല്ല. അങ്ങനെ ഈടാക്കരുതെന്ന് ബോർഡ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആഫീസുകളിൽ പിന്നീടുണ്ടാകുന്ന ബില്ലിൽ ഈ കുറവ് അഡ്ജസ്റ്റ് ചെയ്തുകൊണ്ടാണ് ഇപ്പോഴും തുക ഈടാക്കിക്കൊണ്ടിരിക്കുന്നത്. പക്ഷെ ഇതു പരിശോധിച്ചതിൽ എനിക്കുകിട്ടിയ വിവരംവച്ച്, തിരുവനന്തപുരത്ത് ഒരു സാമ്പിൾ സർവ്വേ നടത്തിയതിൽ 98 ശതമാനം ഉപഭോക്തൃക്കളും യഥാർത്ഥത്തിൽ സ്ലാബിൽ ഉപയോഗിക്കേണ്ടതിനെക്കാൾ കൂടുതൽ വൈദ്യുതി ഉപയോഗിച്ചതായിട്ടാണ് കാണുന്നത്. രണ്ടുശതമാനം ഉപഭോക്താക്കൾ അല്പാത്തവരായിട്ടും കാണുന്നു. അവർക്ക് റീ ഓപ്റ്റ് ചെയ്യാനുള്ള അവകാശമുണ്ട്. ഇതാണ് സ്ലാബിനെ സംബന്ധിച്ചിടത്തോളം ഉള്ളത്. തിരുവനന്തപുരം സിറ്റിയിൽ വിദ്യുച്ഛക്തി വിതരണത്തെ സംബന്ധിച്ച് കാര്യമായ ചില ബുദ്ധിമുട്ടുകളുണ്ടായിക്കൊണ്ടിരിക്കുന്നു. അത് ഞാൻ അംഗീകരിക്കുന്നു.

തമിഴ്നാട്ടിൽനിന്ന് തിരുവനന്തപുരത്തേക്ക് ചില സ്റ്റേഷനുകളിൽ വിദ്യുച്ഛക്തി നേരത്തെ കൊണ്ടുവന്നിരുന്നു. പക്ഷെ തമിഴ്നാട് ഇപ്പോൾ ആ ലൈനിൽകൂടി നമുക്ക് വൈദ്യുതി തരാത്തതുകൊണ്ട് തിരുവനന്തപുരത്തുനിന്നാണ് ഇപ്പോൾ നെയ്യാറ്റിൻകര, വിഴിഞ്ഞം, തിരുവല മുതലായ സബ് സ്റ്റേഷനുകളിലേക്ക് വൈദ്യുത് എത്തിച്ചുകൊടുക്കേണ്ടത്. നേരത്തെ ആ ലൈൻ നാഗർകോവിലിൽനിന്ന് ബന്ധപ്പെടുത്തി വൈദ്യുതി തിരുവനന്തപുരത്തേക്ക് കടത്തിക്കൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്നുണ്ടായ തമിഴ്നാട് വിദ്യുച്ഛക്തി ബോർഡിന്റെ ഈ നിലപാട് മൂലവും അവരുടെ ലൈൻ 66 കെ.വി. യിൽനിന്നും 110 കെ.വി. ആക്കി മാറ്റിയതുമൂലവും അങ്ങനെ ഒരു ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. തിരുവനന്തപുരത്ത് വിദ്യുച്ഛക്തിയുടെ ഉപയോഗം ദിനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വീട്ടാവശ്യത്തിനുള്ള വിദ്യുച്ഛക്തിയുടെ ഉപയോഗവും വളരെ വർദ്ധിച്ചുവരികയാണ്. ഇടമണിൽനിന്ന് തിരുവനന്തപുരത്തേക്ക് 220 കെ. വി.

LIBRARY ARCHIVES Kerala Legislative Assembly

ലൈനിന്റെ പണി ഏതാണ്ട് പൂർത്തിയായി. പോത്തൻകോട് ഒരു 220 കെ. വി. സബ്സ്റ്റേഷന്റെ പണിയും ഏതാണ്ട് പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. അത് പൂർത്തിയാകുന്നതോടുകൂടി മാത്രമേ തിരുവനന്തപുരത്തേയും തിരുവനന്തപുരത്തിന് തെക്കോട്ടുള്ള പ്രദേശങ്ങളായ ആറ്റിങ്ങൽ, പാലോട് സ്റ്റേഷനുകളിലെയും വിദ്യുച്ഛക്തി വിതരണം നാം ഉദ്ദേശിക്കുന്ന രീതിയിൽ കാര്യക്ഷമമായി നടത്താൻ കഴിയൂ. ഈ ലൈനിന്റെ പണി തീരാതിരിക്കുവാനുള്ള കാരണം നമ്മുടെ വനസംരക്ഷണ നിയമമാണ്. മൂഴിയാറിൽ നിന്ന് ഈ ലൈൻ കൊണ്ടുവരുന്നതിന് ഇടമൺവരെ ഇപ്പോഴും ബുദ്ധിമുട്ടായിരിക്കുന്ന ഒരു പരിതസ്ഥിതിയാണ്. അതുകൊണ്ടാണ് ഇപ്പോഴും ഇടമണിൽനിന്ന് കൊണ്ടുവരണമെന്ന് തീരുമാനിച്ചിരിക്കുന്നത്. ഏതായാലും മൂഴിയാർ ഇടമൺ ഭാഗം താൽക്കാലികമായി പണി പൂർത്തിയാക്കാൻ കഴിയാത്ത ഒരു സ്ഥിതിയാണുള്ളത്. അതുകൊണ്ട് തിരുവനന്തപുരത്ത് വിദ്യുച്ഛക്തിയുടെ പ്രശ്നത്തിൽ വളരെ കഠിനമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതുകൊണ്ടാണ് തൽക്കാലം ഈ സംവിധാനം നിലനിർത്തിയിരിക്കുന്നത്. ഓരോ ദിവസവും വിദ്യുച്ഛക്തിയുടെ ഉപയോഗം വർദ്ധിക്കുകയും ഇടമണിൽനിന്നും തിരുവനന്തപുരത്തുള്ള 110 കെ. വി. ലൈനിനും കുണ്ടറയുള്ള 66 കെ. വി. ലൈനിനും വഹിക്കാൻ കഴിയുന്നതിൽ കൂടുതൽ വൈദ്യുതി തിരുവനന്തപുരത്ത് എത്തിക്കുന്ന സാഹചര്യത്തിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്.

ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പേട്ടയിലെ കാര്യം എന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്താണ് ഗവൺമെന്റിന്റെ അധികാരം എന്നു ചോദിക്കരുത്. ഈ പ്രശ്നത്തിൽ ശ്രീ. കെ. പങ്കജാക്ഷൻ ഉറപ്പിച്ച് പറഞ്ഞാൽ പേട്ടയിലെ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ സാധിക്കും. ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാരോട് ജനങ്ങളോട് കുറെക്കൂടി സൗഹൃദത്തിൽ പെരുമാറണമെന്നു പറയുകയല്ലാതെ ഗവൺമെന്റ് അച്ചടക്ക നടപടികളിലേക്ക് പോവുക വളരെ ബുദ്ധിമുട്ടാണ്. അവിടെ വളരെ ശക്തമായ യൂണിയൻ പ്രവർത്തനങ്ങളാണ് ഉള്ളത്. പേട്ട സെക്ഷനെ സംബന്ധിച്ചിടത്തോളം അദ്ദേഹം പറഞ്ഞത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില ആളുകൾ അതിനെപ്പറ്റി വിളിച്ചു പറഞ്ഞിട്ടുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടി ചില നടപടികൾ സ്വീകരിക്കുമ്പോൾ ശ്രീ. പങ്കജാക്ഷനെപ്പോലെയുള്ള ആളുകളുടെ സഹായമുണ്ടാകണം. വളരെ താമസിയാതെ പേട്ടയിലെ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കും. പക്ഷെ അവ സ്വീകരിച്ച് കഴിയുമ്പോൾ അദ്ദേഹംതന്നെ അത് റദ്ദു ചെയ്യണമെന്ന് ആവശ്യപ്പെടരുത്. ഇന്ന് ഉറപ്പു പറഞ്ഞ കാര്യത്തിൽ താൽപ്പര്യം പ്രകടിപ്പിക്കാമെന്ന് ഉറപ്പ് തരുന്നു.

ശ്രീ. കെ. പങ്കജാക്ഷൻ : തിരുവനന്തപുരം സിറ്റിയുടെ കാര്യം പ്രത്യേകിച്ച് പറഞ്ഞു എന്നു മാത്രമേയുള്ളു. തിരുവനന്തപുരത്ത് ഞാൻ പ്രതിനിധാനം ചെയ്യുന്ന ആര്യനാട്പോലെയുള്ള ഗ്രാമപ്രദേശങ്ങളിലും നെടുമങ്ങാട് താലൂക്കുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലും ട്രാൻസ്ഫോർമറുകളുടെ കുറവുമൂലവും മറ്റും മിന്നാമിനുങ്ങുപോലെയാണ് വെളിച്ചം കിട്ടുന്നത്. അതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ സ്ഥലങ്ങളിൽ കറണ്ട് ഫീഡ് ചെയ്യുന്നത് നെയ്യാറിൻകരയിൽനിന്നാണ്. നെടുമങ്ങാട് ഇപ്പോൾ പുതിയ ഒരു സബ്സ്റ്റേഷൻ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. അതിന്റെ സ്ഥലങ്ങൾ വിട്ടുകിട്ടിയിട്ടുണ്ട്. ഐ. എസ്. ആർ. ഒ. യുമായി ബന്ധപ്പെട്ടു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടാണ് ആ സബ് സ്റ്റേഷൻ പണിയുന്നത്. നെടുമങ്ങാട് ഒരു 110 കെ. വി. ലൈൻ സബ്സ്റ്റേഷൻ പണിയാൻ പോകുന്നു. അവിടെ നിന്ന് ഫീഡ് ചെയ്യുമ്പോൾ ഇതിൽ മാറ്റംവരും. നെയ്യാറ്റിൻകരയ്ക്ക് 110 ലൈൻ നെടുമങ്ങാടുവഴി വലിക്കുവാനുള്ള തീരുമാനവും സ്വീകരിച്ചിട്ടുണ്ട്. വോൾട്ടേജ് ഇംപ്രൂവ്മെന്റിനുവേണ്ടി ഇക്കൊല്ലം എത്രാണ്ട് മുപ്പതുകോടി രൂപ നീക്കിവച്ചിട്ടുണ്ട്, വളരെയധികം വോൾട്ടേജ് ഇംപ്രൂവ്മെന്റ് പരിഹരിക്കുവാനുള്ള നടപടികളും നടന്നുവരുന്നു. കഴിയുന്നിടത്തോളവും ചെയ്യാവുന്നിടത്തോളവും സാമ്പത്തിക സഹായങ്ങളും കഴിവിന്റെ അടിസ്ഥാനത്തിൽ ചെയ്തുകൊണ്ടിരിക്കുകയാണ്. വോൾട്ടേജ് ഇംപ്രൂവ്മെന്റ് ഈ രാജ്യത്ത് വലിയ പ്രശ്നമാണ്. ഇപ്പോൾ കിട്ടിയിരിക്കുന്ന എസ്റ്റിമേറ്റനുസരിച്ച് കേരളത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പരിഹരിക്കുവാൻ അടിയന്തിരമായി 150 കോടി രൂപയോളം എങ്കിലും വേണ്ടിവരും 150 കോടി രൂപ ഇലക്ട്രിസിറ്റി ബോർഡിന് ഒരു കൊല്ലംകൊണ്ട് താങ്ങാൻ കഴിയുന്നതല്ല. വിദ്യുച്ഛക്തി ബോർഡിന്റെ മൊത്തം വരുമാനം 155 കോടി രൂപയാണ്. 150 കോടി രൂപ വോൾട്ടേജ് ഇംപ്രൂവ്മെന്റിനു വേണ്ടിവരും മാക്സിമം 29.5 കോടി രൂപ ഈ ആവശ്യത്തിനുവേണ്ടി പ്രസരണ രംഗത്ത് നീക്കിവച്ചതുകൊണ്ട്. പൂർണ്ണമായി ചെലവാക്കാമെന്നാണ് കരുതുന്നത്. എല്ലാ സെക്ഷനുകളിലും ഒന്നും രണ്ടും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം തീർക്കണം, ഈ നവംബർ മാസം 30-ാം തീയതിക്കുമുമ്പ് എല്ലാ ഡിസ്ട്രിബ്യൂഷൻ സെക്ഷനുകളിലും രണ്ട് വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം എങ്കിലും പൂർത്തിയാക്കണമെന്ന നിർദ്ദേശം കൊടുത്തു, അതിന്റെ നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വോൾട്ടേജ് ഇംപ്രൂവ്മെന്റിൽ വളരെ മാറ്റങ്ങളും ഉണ്ടാക്കാൻ ഈ ഒന്നര മാസംകൊണ്ട് കഴിയും. പുതിയ കണക്ഷൻസ് ഉണ്ടാക്കുന്നതിന് മുമ്പ് ഇതു സാധിക്കും. മുമ്പ് ഓരോ വർഷവും മുപ്പതിനായിരവും നാൽപ്പതിനായിരവും കണക്ഷനുകളും കൊടുത്തിരുന്നത് ഇപ്പോൾ രണ്ടര-രണ്ട് ലക്ഷം എന്ന കണക്കിലാണ് ഓരോ വർഷവും കൊടുക്കുന്നത്. അതിന്റെ ബുദ്ധിമുട്ടുകളും സ്വാഭാവികമായിട്ടും ഉണ്ട്. എങ്കിലും ഉള്ള സാമ്പത്തിക പരിമിതികളും വച്ചുകൊണ്ട് പരമാവധി ചെയ്യാവുന്ന കാര്യങ്ങളും ഇലക്ട്രിസിറ്റി ബോർഡ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതു മാത്രമേ എനിക്കു പറയുവാനുള്ളൂ.

(2) സമ്പൂർണ്ണ മദ്യനിരോധനം ആവശ്യപ്പെട്ടുകൊണ്ടുള്ള സത്യാഗ്രഹ പരിപാടി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, മനുഷ്യവംശത്തിന്റെമേൽ നിപതിച്ചിരിക്കുന്ന കൊടും ശാപമാണ് മദ്യപാനമെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പൈശാചികമായ ഈ പ്രവണതക്കെതിരെ വേദോപനിഷത്തുക്കളും, പുരാണേതിഹാസങ്ങളും, ബൈബിളും, ഖുറാനുമൊക്കെ നിശിതമായി വിമർശിച്ചിട്ടുണ്ട്. ആധുനിക മനുഷ്യമനസിനുവേണ്ടി വാദിച്ച ബർട്രനൻറ്, റസ്സൽ മദ്യപാനത്തെ താൽക്കാലികമായ ആത്മഹത്യയായിട്ടാണ് വിശേഷിപ്പിച്ചത്. റോമാസാമ്രാജ്യത്തിന്റെ പതനവും യാദവകാലത്തിന്റെ നാശവും അലക്സാണ്ടർ ചക്രവർത്തിയുടെ അകാല മരണവുമൊക്കെ മദ്യം വരുത്തിവച്ച വിനകളാണ്. അഴിമതി, ചൂഷണം, കളവ്, വ്യഭിചാരം തുടങ്ങി അധാർമ്മികമായ എല്ലാത്തിനും വഴിതെളിക്കുന്ന മദ്യപാനം നിരവധി വ്യക്തികളെയും കുടുംബങ്ങളെയും അനുദിനം നിരാധാരരാക്കിക്കൊണ്ടിരിക്കുന്നു. ശ്രീമതി ഇന്ദിരാഗാന്ധി പറഞ്ഞതുപോലെ സമ്പന്നന്റെ മദ്യപാനം വ്യക്തിപരമായ ഒരു പ്രശ്നം മാത്രമാണെങ്കിൽ പാവപ്പെട്ടവന്റെ

LIBRARY ARCHIVES Kerala Legislative Assembly